(ബി) വ്യാജമദ്യ നിർമ്മാണവും വിതരണവും സ്പിരിറ്റ് കടത്തും ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മദ്യക്കടത്തും തുടങ്ങിയ കുറ്റത്തിന് എക്സൈസ് അധികാരികൾ എടുത്ത കേസുകളുടെ എണ്ണം കഴിഞ്ഞ അഞ്ച് വർഷത്തിൽ ഓരോ വർഷവും എത്രയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) വീടുകൾക്കകത്തും പുറത്തുമായി രഹസ്യമായി ചാരായം വാറ്റുന്നതിനിടയിൽ എക്സൈസ് ഉദ്യോഗസ്ഥർ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ പിടികൂടിയ കേസുകളുടെ വർഷംതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 2011 | - | 395 |
| 2012 | - | 423 |
| 2013 | - | 271 |
| 2014 | - | 283 |
| 2015 | - | 296 (ഒക്ടോബർ 31 വരെ) |

(ബി) വ്യാജമദ്യ നിർമ്മാണവും വിതരണവും സ്പിരിറ്റ് കടത്തും ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മദ്യക്കടത്തും തുടങ്ങിയ കുറ്റത്തിന് എക്സൈസ് അധികാരികൾ എടുത്ത കേസുകളുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 2011 | - | 775 |
| 2012 | - | 761 |
| 2013 | - | 585 |
| 2014 | - | 648 |
| 2015 | - | 1085 (ഒക്ടോബർ 31 വരെ) |

## സ്റ്റേറ്റ് എക്സൈസിന്റെ വരുമാനം

**168 (176)** ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 സാമ്പത്തിക വർഷത്തിൽ ഓരോ മാസവും സ്റ്റേറ്റ് എക്സൈസിൽ നിന്നുള്ള വരുമാനം ഏതെല്ലാം ഇനത്തിൽ എത്ര വീതമായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ പിന്നിട്ട ഓരോ മാസവും സ്റ്റേറ്റ് എക്സൈസിൽ നിന്നുള്ള വരുമാനം എത്തെല്ലാം ഇനത്തിൽ എത്ര വീതമായിരുന്നു ?

ഉത്തരം

(എ) 2011-12 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് എക്സൈസിൽ നിന്നുള്ള ആകെ റവന്യൂ വരുമാനം 18,88,88,15,887 രൂപയായിരുന്നു. ഓരോ മാസത്തിലെയും ഇനംതിരിച്ചുള്ള വരുമാനത്തിന്റെ കണക്ക് ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ സെപ്റ്റംബർ മാസം വരെയുള്ള അർദ്ധവാർഷിക കാലയളവിൽ സ്റ്റേറ്റ് എക്സൈസിൽ നിന്നുള്ള റവന്യൂ വരുമാനത്തിന്റെ മാസം തിരിച്ചുള്ള കണക്ക് ഇതോടൊപ്പം അനുബന്ധം ആയി ചേർക്കുന്നു.*

## സമ്പൂർണ്ണ മദ്യനിരോധനം

**169 (177)** ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്ത് വർഷത്തിനകം സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യ നിരോധനം നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) ഇതിനായി എന്തെല്ലാം നിയമ നിർമ്മാണങ്ങൾ നടത്തുകയുണ്ടായി ;

(സി) ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ&ബി) മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറച്ച് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യ വർജ്ജനത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യനിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറയ്ക്കുന്നതിന് അനവധി പദ്ധതികൾ സ്വീകരിച്ചുവെങ്കിലും മദ്യം, കേരളത്തിന്റെ സാമൂഹ്യവിപത്തായി തുടരുന്നുവെന്ന് ബോധ്യപ്പെടുകയുണ്ടായി. ഇതിനെ തുടർന്നാണ് മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ വരുന്ന 10 വർഷം കൊണ്ട് "മദ്യരഹിത കേരളം" എന്ന മഹത്തായ ലക്ഷ്യം സർക്കാർ വിഭാവനം ചെയ്യുന്നത്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly